Name :

26/11/24 A.N

(Pages : 4)

U – 1365

Reg. No. : ...............................

Name : .................................

# First Semester B.A./B.Sc./B.Com. Degree Examination, November 2024

## Career Related First Degree Programme under CBCSS

## Language Course II – Additional Language - Malayalam

## ML 1111.3 : ഗദ്യസാഹിത്യം

(2021-2023 Admission)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക :

1. 'അഗ്നിസാക്ഷി'യിലെ ദേവീ ബഹൻ എന്ന കഥാപാത്രത്തിന്റെ ആദ്യത്തെ പേര് എന്തായിരുന്നു?

2. മലയാളത്തിലെ ആദ്യത്തെ ചെറുകഥ ഏത്?

3. മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസിക ഏത്?

4. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥം ഏത്?

5. അമ്മ എന്നോടു പറഞ്ഞ നുണകൾ - ആരുടെ കഥ?

6. അയാൾ കഴിഞ്ഞ അറുപതു കൊല്ലത്തെ തുറിച്ചു നോക്കി - ആരെക്കുറിച്ചാണീ പ്രസ്താവം? തുറിച്ചു നോക്കാൻ കാരണമെന്ത്?

7. ഇൻഡ്യയിലെ ഏത് സംസ്ഥാനത്തിലെ ആദിവാസികളുടെയിടയിലാണ് ദയാബായി കൂടുതലും പ്രവർത്തിച്ചിരുന്നത്?

P.T.O.

Scanned with CamScanner

8. കവിയുടെ കാൽപ്പാടുകൾ ആരുടെ കൃതി?

9. വെള്ളപ്പൊക്കത്തിൽ - എഴുതിയതാര്?

10. ഏത് കൃതിയുടെ മലയാള പരിഭാഷയാണ് 'സത്യകീർത്തി ചരിതം'?

**(10 × 1 = 10 Marks)**

II. അമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. നോവലും ചെറുകഥയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാം?

12. അഗ്നിസാക്ഷിയിലെ ജലപിശാചു മുത്തശ്ശിയെ പരിചയപ്പെടുത്തുക.

13. ഇപ്പോൾ ഈ വിഷാദാത്മകത്വമോ വാർദ്ധക്യത്തിന്റെ സ്വഭാവം. എങ്കിൽ അതു ഭയങ്കരമാണ്. ഇങ്ങനെ ചിന്തിച്ചതാരാണ്? എന്തുകൊണ്ട്? സന്ദർഭം വ്യക്തമാക്കുക.

14. വേർപിരിയുമ്പോൾ അനാഥരാകുന്നത് കുഞ്ഞുങ്ങളല്ല, അമ്മമാരാണെന്ന് ഊർമ്മിള അറിഞ്ഞത് അങ്ങനെയാണ് - വിവക്ഷിതം എന്ത്?

15. 'എങ്കിൽ നമുക്കിവനെ ഏതെങ്കിലും അമ്മത്തൊട്ടിലിൽ ഉപേക്ഷിച്ചാലോ?' ആര് ആരോടാണിങ്ങനെ പറഞ്ഞത്? സന്ദർഭം വ്യക്തമാക്കുക.

16. "പേര് ഇടുക" എന്ന കൃത്യത്തെക്കാൾ ദുഷ്കരമായി മറ്റൊന്നും ഇല്ല എന്നു ഇ.വി. കൃഷ്ണപിള്ള അഭിപ്രായപ്പെടുന്നതിനു കാരണമെന്ത്?

17. ആത്മാഭിമാനമുള്ള മനുഷ്യന് ആരെയും ഭയപ്പെടേണ്ടതില്ല മനസ്സാക്ഷിയാണ് അയാളുടെ രാജാവ് എന്നു കെ.പി. കേശവമേനോൻ പറയുന്നതിന്റെ പൊരുളെന്ത്?

18. നാം ഇന്നൊരു വാടക സാക്ഷിയാണ് – എന്നു എം.എൻ. വിജയൻ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട്?

19. ജീവചരിത്രം - ആത്മകഥ ഇവ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളെന്തെല്ലാം?



Scanned with CamScanner

20. "തെരുവീഥിയിൽ നിൽക്കുന്ന ഒരപരിചിതനെപ്പോലെ നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു കവിത" - എന്ന് അഭിപ്രായപ്പെട്ടത് ആര്? ഈ അഭിപ്രായത്തിന്റെ പൊരുളെന്ത്?

21. ശരിയായ പദം തെരഞ്ഞെടുത്തെഴുതുക

ഫണി - ഭണി

വ്യത്യസ്തം - വ്യത്യസ്ഥം

സൃഷ്ടാവ് - സ്രഷ്ടാവ്

ആരൂഢം - ആരൂഡം

22. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

The Universal Declaration of Human Rights states : "Everyone has the right to freedom of opinion and expression; this right includes freedom to hold opinions without interference, and impart information and ideas through any media regardless of frontiers."

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. അഗ്നിസാക്ഷി എന്ന നോവൽ അടയാളപ്പെടുത്തുന്ന സ്ത്രീസ്വത്വബോധത്തെക്കുറിച്ച് എഴുതുക.

24. തഹസിൽദാരുടെ അച്ഛൻ എന്ന കഥ വെളിപ്പെടുത്തുന്ന സാമൂഹിക യാഥാർത്ഥ്യം ചർച്ച ചെയ്യുക.

25. മൂന്നാമതൊരാൾ എന്ന കഥ പറയുന്നതിലുപരി അനുഭവവേദ്യമാക്കുകയാണ് ചെയ്യുന്നത് - ഈ അഭിപ്രായം പരിശോധിക്കുക.

26. ആധുനികമനുഷ്യന്റെ പൊള്ളത്തരങ്ങളുടെ ശക്തമായ ആവിഷ്കരണമാണു വില്ലുവണ്ടി എന്ന കഥ - പരിശോധിക്കുക.

27. കാൽപ്പാടുകൾ എന്ന കഥയുടെ രചനാസവിശേഷതകൾ വിലയിരുത്തുക.

28. വിലമതിക്കാനാകാത്ത നമ്മുടെ സമ്പത്ത് എന്നു കെ.പി. കേശവമേനോൻ വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെയാണ്? എന്തുകൊണ്ട്? വ്യക്തമാക്കുക.



Scanned with CamScanner

29. അഗ്രഹാരത്തിലെയും ജയിൽപറമ്പിലെയും ജീവിതമാണ് എന്നെ പിന്നീട് ഒരു എഴുത്തുകാരനാക്കി മാറ്റിയത് എന്നു ടി. പത്മനാഭൻ പറയുന്നതെന്തുകൊണ്ട്? വ്യക്തമാക്കുക.

30. നാനാ ഭാഷകളിലുമുള്ള ഭക്തിസാഹിത്യം മുഴുവൻ രക്ഷകപ്രരൂപത്തിന്റെ ഉൻമീലനത്തിൽ അധിഷ്ഠിതമാണെന്ന് ലീലാവതി സമർത്ഥിക്കുന്നതെങ്ങനെ?

31. പച്ചവിരൽ എന്ന ആത്മകഥയുടെ സവിശേഷതകൾ വിലയിരുത്തുക.

**(6 × 4 = 24 Marks)**

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിനുത്തരമെഴുതുക.

32. ഒരു കാലഘട്ടത്തിന്റെ ഓർമ്മക്കുറിപ്പുകളുടെ ആവിഷ്ക്കാരമാണ് അഗ്നിസാക്ഷി എന്ന നോവൽ - ചർച്ച ചെയ്യുക.

33. ആധുനിക മലയാളചെറുകഥകളുടെ സവിശേഷതകൾ പഠിച്ച കഥകളെ മുൻനിർത്തി പരിശോധിക്കുക.

34. മലയാളത്തിലെ ആത്മകഥാസാഹിത്യത്തിന്റെ ചരിത്ര പരിണാമ ഘട്ടങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

35. മലയാള ഗദ്യസാഹിത്യത്തിന്റെ വളർച്ചയിൽ ആനുകാലികങ്ങൾ വഹിച്ച പങ്കിനെക്കുറിച്ച് ഉപന്യസിക്കുക.

**(2 × 15 = 30 Marks)**

---



Scanned with CamScanner